സ്ത്രീ മത്സ്യത്തൊഴിലാളികളുടെ സംരംഭങ്ങൾ

127 [1845] ഡോ. തോമസ് ഐസക് :

ശ്രീ. കെ. വി. കുഞ്ഞിരാമൻ :

ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ സ്വയം സഹായ സംഘങ്ങളെയും, സ്ത്രീ മത്സ്യത്തൊഴിലാളികളുടെ സുരക്ഷാ സംരംഭങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിന് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) സ്വയം സഹായ സംഘങ്ങൾ വഴി മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(സി) സ്ത്രീ മത്സ്യത്തൊഴിലാളികളുടെ എന്തെല്ലാം നിലയിലുള്ള സംരംഭങ്ങൾക്കാണ് സർക്കാർ സഹായം നിൽകിവരുന്നത് ; വിശദമാക്കാമോ ;

(ഡി) തന്നാണ്ടിലെ ബഡ്ജറ്റിൽ മേൽപ്പറഞ്ഞ പരിപാടികൾക്ക് എന്ത് തുക വകയിരുത്തുകയുണ്ടായി എന്നും, എന്ത് തുക ഇതിനകം ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം 1-ൽ കൊടുത്തിരിക്കുന്നു. †

(സി) വിശദവിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു. †

(ഡി) 2004-05-ലെ ബഡ്ജറ്റിൽ സംസ്ഥാന വിഹിതമായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ പദ്ധതി വിഹിതത്തിൽ 15% കുറവ് വരുത്തിയതിനാൽ 85 ലക്ഷം രൂപയുടെ ഒരു പുതുക്കിയ പദ്ധതി പരിഗണനയിലുണ്ട്. ഇതിനകം തുകയൊന്നുംതന്നെ ഈയിനത്തിൽ ചെലവഴിച്ചിട്ടില്ല.

---

† അനുബന്ധം-VII (1+2)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII (1)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 127 (1845) കാണുക]

1. എസ്. ജി. എസ്. വൈ. പദ്ധതി : മത്സ്യം, കക്ക, കൊഞ്ച്, കണവ എന്നിവയിൽ നിന്നും മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളുടെ ഉല്പാദനത്തിനും വിപണനത്തിനും വേണ്ടി ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള ഗ്രാമ വികസന വകുപ്പ് സ്വർണ്ണ ജയന്തി-ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ പദ്ധതി) എന്ന 11,27,15,000 രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി മത്സ്യഫെഡിന്റെ തെരഞ്ഞെടുത്ത പ്രാഥമിക സഹകരണ സംഘങ്ങളിലെ സ്വയം സഹായ സംഘങ്ങൾ വഴി നടപ്പിലാക്കിവരുന്നു.

2. വിലകുറഞ്ഞ മത്സ്യങ്ങളിൽ നിന്നും (ട്രാഷ്ഫിഷ്) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ച് അവരെ സ്വയം തൊഴിൽ/മൈക്രോ സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് പ്രാപ്തമാക്കുന്നതിനുള്ള ഈ പദ്ധതിയുടെ അടങ്കൽ തുക 99.83 ലക്ഷം രൂപയാണ്. ഉണക്കമീൻ നിർമ്മാണ യൂണിറ്റുകൾ, കല്ലുമ്മക്കായ/കക്കയിറച്ചി, സംസ്ക്കരണ യൂണിറ്റുകൾ, റെഡി റ്റു കുക്ക് ഉൽപ്പന്നങ്ങൾ, മീൻവളം/മീൻ/കൊഞ്ച്/കക്ക/അച്ചാർ യൂണിറ്റുകൾ ഫിഷ്/പ്രാൺ ഫീഡ് തുടങ്ങി വിവിധ ഉൽപ്പന്നങ്ങളാണ് ഈ യൂണിറ്റുകൾ വഴി നിർമ്മാണവും വിപണനവും നടത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII (2)

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 127 (1845) കാണുക]

മത്സ്യഫെഡ് വഴി സ്ത്രീതൊഴിലാളികൾക്ക് സഹായം നൽകുന്നത് താഴെ പറയുന്ന പദ്ധതികൾ പ്രകാരമാണ്.

1. എസ്. ജി. എസ്. വൈ. പദ്ധതി.

2. വിലകുറഞ്ഞ മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

3. മൽസ്യത്തൊഴിലാളി വനിതകൾക്കുള്ള അലങ്കാര മത്സ്യകൃഷി വികസന പദ്ധതി. കേന്ദ്ര മാനവശേഷി വികസന മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ മത്സ്യഫെഡ് നടപ്പിലാക്കിവരുന്ന അലങ്കാരമത്സ്യകൃഷി വികസന പദ്ധതി മുഖേന മൽസ്യത്തൊഴിലാളി വനിതകൾക്ക് ഈ മേഖലയിൽ ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നതാണ്. മത്സ്യഫെഡുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മൽസ്യത്തൊഴിലാളി വനിതാ സഹകരണ സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

4. ന്യൂനപക്ഷ/പിന്നോക്ക വിഭാഗ ധനകാര്യ കോർപ്പറേഷൻ എന്നിവയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന വിവിധ സ്വയം തൊഴിൽ പദ്ധതികൾക്ക് ധനസഹായം.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VIII

[3-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 152 (1870) കാണുക]

1.	അക്വാട്ടിക്സ്	10
2.	അത്‌ലറ്റിക്സ്	15
3.	ബാസ്കറ്റ് ബാൾ	10
4.	സൈക്ലിംഗ്	5
5.	ഫുട്ബോൾ	10
6.	ഹാൻഡ് ബോൾ	10
7.	കളരിപ്പയറ്റ്	5
8.	വോളിബോൾ	10
9.	വാട്ടർ സ്പോർട്സ് (കാനോയിംഗ്, കയാക്കിംഗ്, റോവിംഗ് ഉൾപ്പടെ)	10
10.	(എ) ബാഡ്മിന്റൺ	10
	(ബി) ബോക്സിംഗ്	
	(സി) ചെസ്സ്	
	(ഡി) സൈക്കിൾ പോളോ	
	(ഇ) ഫെൻസിംഗ്	
	(എഫ്) പവർ ലിഫ്റ്റിംഗ്	
	(ജി) ഷട്ടിൽ ബാഡ്മിന്റൺ	
	(എച്ച്) വെയ്റ്റ് ലിഫ്റ്റിംഗ്	
	(ഐ) റെസ്‌ലിംഗ്	
11.	(എ) ആർച്ചറി	5
	(ബി) ബോഡി ബിൽഡിംഗ്	
	(സി) ക്രിക്കറ്റ്	
	(ഡി) ജിംനാസ്റ്റിക്സ്	
	(ഇ) ഹോക്കി	
	(എഫ്) കബഡി	
	(ജി) ടേബിൾ ടെന്നീസ്	
	(എച്ച്) ടെന്നീസ്	
	ആകെ	100

LIBRARY ARCHIVES Kerala Legislative Assembly